# വാഗ്ദത്തഭൂമിയില് മുത്തമിട്ട് അവര് വാഗ്ദത്തം പ്രാപിച്ചു

**ജിബി വർഗ്ഗീസ് മീനടം**

ടെൽഅവീവ് : ഇസ്രായേലില് ടെൽഅവീവ് എയര്പോർട്ടില് ആദ്യമായി വിമാനമിറങ്ങുന്ന മിക്ക യഹൂദൻമാരും മണ്ണില് ചുംബിക്കുന്നത് ഒരു പതിവ് കാഴ്ച്ചയാണ് .ദൈവം തങ്ങളുടെ പൂർവികർക്ക് നല്കിയതും ജാതികളാല് കുടിയിറക്കപ്പെട്ട് നൂറ്റാണ്ടുകള് നീണ്ട പ്രവാസത്തിനൊടുവില് സ്വന്തമണ്ണിലേക്ക് മടങ്ങിവരാനായതിന്റെ സന്തോഷസൂചകമായാണ് വിമാനം ഇറങ്ങിയുടന് പലരും ഭൂമിയ്ക്ക് ഒരു മുത്തം സമ്മാനിക്കുന്നത് . അടുത്തിടെ ടെൽഅവീവ് എയര്പോർട്ടില് വിമാനമിറങ്ങിയ ടിസ്‌വി ക്ഹാത്തുവും വിമാനത്തില് നിന്ന് പുറത്തുവന്നയുടന് ആദ്യമായി ചെയ്തതും അതുതന്നെ. എന്നാല് ഏകദേശം 2700 വർഷങ്ങള് നീണ്ട പ്രവാസത്തിന്റെ കഥയാണ് ഇദ്ദേഹത്തിനും കൂട്ടർക്കും പറയാനുള്ളത്.

ഇന്ത്യയുടെ കിഴക്കന് അതിർത്തി പ്രദേശത്തുള്ള ടിബറ്റന്ബർമ്മ മേഖലയില് നിന്നുള്ളവരാണ് ടിസ്‌വിയും സംഘവും. അസ്സിയിറിയൻമാര് ബി.സി എണ്ണൂറുകളില് യേരുശലേം പിടിച്ചടക്കിയപ്പോള് അവരാല് നാടുകടത്തപ്പെട്ട് പ്രവാസികളായി പോയവരുടെ പിൻഗാമികളാണ് ഇവര്. ഇസ്രായേല് ഗോത്രങ്ങളില് കാണാതായ പത്തു ഗോത്രങ്ങളിൽപ്പെട്ട ഒന്നായ മനശേ ഗോത്രത്തില് ഉൾപ്പെട്ടവരാണ് ടിസ്വവിയും സംഘവുമെന്ന് രേഖകള് തെളിയിക്കുന്നു. എകദേശം 2700 വർഷം നീണ്ട പ്രവാസജീവിതത്തിനൊടുവില് മനശേയുടെ സന്തതിപരമ്പരകള് എന്ന് അവകാശപ്പെടുന്ന 1700 പേരാണ് അടുത്തയിടെ യഹൂദനാട്ടിലേക്ക് മടങ്ങിവന്നത്.

ഇസ്രായേല് രാജ്യം 62 വർഷങ്ങൾക്ക് മുൻപ് വീണ്ടും സ്ഥാപിതമായി എന്നറിഞ്ഞവരാണ് ഇപ്പോള് മടങ്ങിവരുന്നവരില് അധികവും. ഇസ്രായേല് രാഷ്ട്രം ഇനി ഒരിക്കലും ഭൂമിയില് ഉണ്ടാകില്ലെന്നും പകരം അത് സ്വർഗത്തില് ദൈവം നിര്മ്മിച്ചിരിക്കുന്ന ഒരു രാജ്യമാണെന്നുമാണ് നൂറുവർഷങ്ങൾക്ക് മുൻപ് ജീവിച്ചിരുന്ന തങ്ങളുടെ പൂർവികരില് പലരും വിശ്വസിച്ചിരുന്നതെന്ന് ടിസ്‌വി പറയുന്നു. ഇന്ത്യയില് നിന്ന് മാത്രം എകദേശം 7000ല് അധികം യഹൂദൻമാര് ഇസ്രായേലിക്ക് കുടിയേറാന് ഇസ്രായേല് അധികാരികളുടെ പച്ചവെളിച്ചത്തിനായി കാത്തിരിക്കുന്നുണ്ടെന്നാണ് കണക്കുകള് സൂചിപ്പിക്കുന്നത്.

19ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ക്രൈസ്തവ മിഷണറിമാരാണ് ഇന്ത്യ ബർമ്മ അതിർത്തിയിലെ മണിപ്പൂര് സംസ്ഥാനത്തില് ബെന് മനശേ ഗോത്രത്തിൽപെട്ടവരെ ആദ്യമായി കണ്ടെത്തിയത്. .ഷിൻലംഗ് അഥവാ കുക്കികള് എന്നാണ് പ്രദേശത്ത് ഇവര് അറിയപ്പെടുന്നത്. ക്രൈസ്തവ സുവിശേഷ പ്രചരണത്തിന്റെ ഭാഗമായി മിഷണറിമാര് ബൈബിളിലെ പലസംഭവങ്ങളും പ്രദേശത്തുള്ളവരോട് വിവരിച്ചപ്പോള് തങ്ങള് പറയുന്ന വിഷയങ്ങളെല്ലാം അവിടുത്തുകാർക്ക് സുപരിചിതമാണെന്ന് മിഷണറിമാർക്കു തോന്നി. മാത്രമല്ല കുക്കികളുടെ പ്രാദേശികഭാഷയിലുള്ള നാടോടിഗാനങ്ങളില് മിക്കതും വേഗത്തില് സിയോനിലേക്കുള്ള മടക്കയാത്രയെ പ്രതിപാദിക്കുന്നവയാണെന്നും മിഷണറിമാര് കണ്ടെത്തി.

ബൈബിളിലെ സംഭവങ്ങള് വിവരിച്ചപ്പോള് സഹസ്രാബ്ധങ്ങൾക്ക് മുന്പ് തങ്ങൾക്ക് നഷ്ടപ്പെട്ട പൂർവികൻമാരുടെ ചരിത്രം ഉൾപ്പെടുത്തി ഒരു പുതിയ മതം കണ്ടെത്തിവരാണ് മിഷണറിമാരെന്നായിരുന്നു കുക്കികളുടെ ധാരണ. മിഷണറിമാരുടെ നേതൃത്വത്തില് കൂടുതല് പഠനങ്ങള് നടത്തിയപ്പോഴാണ് ഇവര് ഇസ്രായേല് ഗോത്രങ്ങളില് പെട്ട മനശേയുടെ സന്തതിപരമ്പരകളാണെന്ന സത്യം ലോകമറിയാനിടയായത്. മിഷണറി പ്രവർത്തനങ്ങളിലൂടെ ഇവരില് നിരവധി പേര് ക്രൈസ്തവരായെങ്കിലും തങ്ങള് ഇസ്രായേല് ഗോത്രങ്ങളിൽപെട്ടരാണെന്ന തിരിച്ചറിവോടെ പലരും യഹൂദമതത്തിലേക്ക് പരിവർത്തനം ചെയ്യുകയുണ്ടായി.

ഇസ്രായേലിലെ അസ്സിറിയന് ആധിപത്യത്തിന്റെ അടിമത്വത്തില് നിന്ന് രക്ഷപ്പെട്ട് ഇറാന് അഥവാ പുരാതന പേർഷ്യ, അഫ്ഗാനിസ്ഥാന്, ടിബറ്റ് എന്നിവിടങ്ങളിലൂടെ സഞ്ചരിച്ച് ചൈനയിലെത്തിയ ഇവര് വളരെകാലം അവിടെ താമസിച്ചു. എ.ഡി 100ല് ചൈനയില് നിരവധി ആക്രമണങ്ങൾക്കും പീഡനങ്ങൾക്കും ഇരയായതിനെ തുടർന്ന് ചെറുകൂട്ടങ്ങളായി ഇന്ത്യ അടക്കമുള്ള തെക്കുകിഴക്കന് എഷ്യന് രാജ്യങ്ങളിലേക്ക് കുടിയേറുകയാണുണ്ടായത്. അന്നുമുതല് ഇന്നുവരെ ഇന്ത്യന് മണ്ണില് ഇന്ത്യാക്കാരില് നിന്നും ഇവർക്ക് യാതൊരു പീഡനവും ഇതുവരെ അനുഭവിക്കേണ്ടിവന്നില്ലെന്നതും ശ്രദ്ധേയമാണ്.

1948ല് ഇസ്രായേല് രാജ്യം വീണ്ടും ഭൂമിയില് യാഥാർഥ്യമായെന്ന് അറിഞ്ഞതോടെയാണ് തങ്ങളുടെ പൂർവികരുടെ അവകാശനാടായ സിയോനിലേക്ക് എന്തുവിലകൊടുത്തും മടങ്ങപോകണമെന്ന ചിന്ത കുക്കികളെന്ന് വിളിക്കപ്പെടുന്ന മനശേയുടെ പിൻഗാമികൾക്കുണ്ടാകുന്നത്. എന്നാല് എലിയാഹ് എന്ന് ഹീബ്രൂഭാഷയില് വിളിക്കപ്പെടുന്ന യിസ്രായേലിലേക്കുള്ള മടങ്ങിവരവ് കുക്കികളെ സംബന്ധിച്ച് അത്ര എളുപ്പമായകാര്യമായിരുന്നില്ല .

ഇസ്രായേലില് നിന്ന് മറ്റു ദേശങ്ങളിലേക്ക് ചിതറിപ്പോയി തലമുറകളായി അവിടെയുള്ള ജാതികളുമായി പലതരത്തില് ബന്ധപ്പെട്ട് പാര്ത്തവരെ യഹൂദൻമാരായി കണക്കാനാവില്ലെന്നാണ് യഹൂദ റാബി നിയമം അനുശാസിച്ചിരിക്കുന്നത്. എങ്കിലും ചില യഹൂദ സന്നദ്ധസംഘടനകള് ഇസ്രായേലി സർക്കാരിലും മറ്റും നടത്തിയ നിരന്തരമായ സമ്മർദങ്ങളും മറ്റ് പ്രവർത്തനങ്ങളും മുഖാന്തിരമായി ഇത്തരത്തില് ജാതികളുടെ ഇടയില് പാർത്തിരുന്നവരുടെ മടക്കത്തിന് വഴിതുറന്നു. ഇതിനെ തുടർന്ന് 1980ല് എത്യോപ്യയില് നിന്ന് അനേക യഹൂദര് ഇസ്രായേലിലേക്ക് മടങ്ങിവരാനിടയായി.

യുഎസ് ഇസ്രായേല് പത്രപ്രവർത്തകനായ മൈക്കിള് ഫ്രിയുണ്ടിന്റെ നേതൃത്വത്തിലുള്ള ഷാവേ ഇസ്രായേല് അഥവാ റിട്ടേണ് ഇസ്രായേല് എന്ന സന്നദ്ധസംഘടനയാണ്് ഇന്ത്യയുടെ കിഴക്കന് അതിർത്തി പ്രദേശങ്ങളിലുള്ള കുക്കികളുടെ മടക്കം സംബന്ധിച്ച് വിഷയം ഇസ്രായേല് റാബിമാരുടെ ശ്രദ്ധയിൽപ്പെടുത്തിയത്. തുടർന്ന് 2004ല് മുഖ്യ റാബിയുടെ നിർദേശപ്രകാരം കുക്കികളുടെ യഹൂദബന്ധത്തെ പറ്റി പഠിക്കാന് ഒരു അന്വേഷണസംഘത്തെ നിയോഗിച്ചു. ഒരു വർഷം നീണ്ട പഠനത്തിനൊടുവില് ഷിൻലംഗ് അഥവാ കൂക്കി വിഭാഗക്കാര് യഥാർഥമായും യിസ്രായേലിലെ കാണാതായ മനശേ ഗോത്രത്തില് ഉൾപ്പെട്ടവരാണെന്നായിരുന്നു പഠനസംഘത്തിന്റെ കണ്ടെത്തല്. പഠനസംഘത്തിന്റെ റിപ്പോർട്ടിനെ തുടര്ന്ന് 2005ല് ഇവരെ യഹൂദൻമാരായി ഔദ്യോഗികമായി പ്രഖ്യാപിക്കുകയും ചെയ്തു.

കുക്കികളുടെ ഇസ്രായേലിലേക്കുള്ള മടക്കത്തിന് വേഗത കൂട്ടാന് മൈക്കിള് ഫ്രീയുണ്ടിന്റെ നേതൃത്വത്തില് ഇന്ത്യയില് യഹൂദസെമിനാരിയും ഹീബ്രൂ പഠനകേന്ദ്രവും ആരംഭിച്ചുവെങ്കിലും മിഷനറി പ്രവർത്തനം നടത്തി ഇന്ത്യക്കാരെ മതം മാറ്റുന്നുവെന്ന ആരോപണത്തെ തുടർന്ന് ഇന്ത്യന് സർക്കാര് ആ സ്ഥാപനങ്ങളുടെ പ്രവർത്തനം നിലവില് തടഞ്ഞിരിക്കുകയാണ്. നിരോധനം മറികടക്കാനായി ഇവരെ സന്ദർശകവിസയില് ഇസ്രായേലില് എത്തിക്കുകയും പിന്നീട് യഹൂദമതത്തിലേക്ക് പരിവർത്തനം ചെയ്ത് ഇസ്രായേല് പൌരത്വം കൈവശമാക്കുകയുമാണ് നിലവിലെ രീതി. ഇപ്രകാരം ഇസ്രായേലില് എത്തിയതാണ് ടിസ്വിയും സംഘവും .

നിലവിലെ ഈ രീതിയ്ക്ക് ചെലവ് വളരെയേറിയതായതിനാല് ഇനിയുള്ള 7000 പേരെയും ഒരുമിച്ചുകൊണ്ടുപോകാനുള്ള നടപടികൾക്ക് അനുമതി ലഭിക്കാന് ഇസ്രായേല് സർക്കാരിലും ഇന്ത്യന് സർക്കാരിലും സമ്മർദം ചെലുത്തുകയാണ് മൈക്കിള് നേതൃത്വം കൊടുക്കുന്ന ഷാവെ ഇസ്രായേല് എന്ന സംഘടന. തെക്കുകിഴക്കന് എഷ്യയുടെ പ്രദേശത്തുള്ള മനശേ ഗോത്രക്കാർക്കു പുറമെ ലോകത്തിലെ മറ്റു രാജ്യങ്ങളില് താമസിക്കുന്നവരും ഇസ്രായേലിലെ കാണാതായ ഗോത്രങ്ങളിൽപട്ടവരുടെ സന്തതിപരമ്പരകളുമായവരെ ഇനിയും കണ്ട്ടെത്തുന്നതിനും യഹൂദനാട്ടിലേക്കുള്ള അവരുടെ മടങ്ങിവരവ് വേഗത്തില് സാധ്യമാക്കാനുള്ള പ്രവർത്തനങ്ങളുമായി മുന്നേറുകയാണ്